**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ജൂൺ 8

# വാർത്താക്കുറിപ്പ്

---

## സൈക്കിൾ റാലി നടത്തി

ലോക ബൈസൈക്കിൾ ദിനത്തോടനുബന്ധിച്ച് മഹാത്മാഗാന്ധി സർവ്വകലാശാല-സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ്, കേരള സംസ്ഥാന റെസ്പോൺസിബിൾ ടൂറിസം മിഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സൈക്കിൾ റാലി സംഘടിപ്പിച്ചു. സർവ്വകലാശാലയിൽ പുതുതായി ആരംഭിച്ച ഓൺലൈൻ ട്രാവൽ ഏജൻസിയാണ് സൈക്കിൾ റാലിക്ക് നേതൃത്വം നൽകിയത്.
വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, സിൻഡിക്കേറ്റ് അംഗം പ്രൊഫ. റോബിനറ്റ് ജേക്കബ്, റെസ്പോൺസിബിൾ ടൂറിസം മിഷൻ സംസ്ഥാന കോ-ഓർഡിനേറ്റർ കെ. രൂപേഷ് കുമാർ,സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് മേധാവി ഡോ. ടോണി കെ. തോമസ്, അസി. പ്രൊഫ. ഡോ. സിന്ധു ആർ. സാബു, തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. കുമരകം ഉൾപ്പെടെയുള്ള ടൂറിസം കേന്ദ്രങ്ങൾ സന്ദർശിച്ച ശേഷം വൈകിട്ട് റാലി സർവ്വകലാശാല കാമ്പസിൽ സമാപിച്ചു.
ടൂറിസം മേഖലയുമായി ബന്ധപ്പെട്ട സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിനും സർവ്വകലാശാല ലക്ഷ്യമിടുന്നുണ്ട്. ഹരിത ടൂറിസം പദ്ധതികളുടെ പ്രചരണം കൂടി ലക്ഷ്യമിട്ടാണ് സൈക്കിൾ റാലി സംഘടിപ്പിച്ചത്. സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിലെ ഇരുപത്തഞ്ചോളം വിദ്യാർത്ഥികളും അധ്യാപകരുമാണ് റാലിയിൽ പങ്കെടുത്തത്.

ഫോട്ടോ ക്യാപ്ഷൻ: മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിലെ വിദ്യാർത്ഥികൾ പങ്കെടുത്ത സൈക്കിൾ റാലിയിൽ നിന്ന്.

(പി.ആർ.ഒ./39/695/2022)

## അനിമൽ അറ്റൻഡർ - വാക്-ഇൻ ഇന്റർവ്യൂ

മഹാത്മാഗാന്ധി സർവ്വകലാശാല - സ്കൂൾ ഓഫ് ബയോ സയൻസസിന് കീഴിലുള്ള അനിമൽ ഹൗസിൽ അനിമൽ അറ്റൻഡർ തസ്തികയിലേക്ക് താത്കാലിക നിയമനത്തിനായുള്ള വാക്-ഇൻ ഇന്റർവ്യൂ ജൂൺ 14 രാവിലെ 10.30 ന് നടക്കും. പത്താം ക്ലാസ് യോഗ്യതയും, ലബോറട്ടറി അനിമൽ പരിചരണവുമായി ബന്ധപ്പെട്ട് രണ്ട് വർഷത്തെ പ്രവൃത്തി പരിചയവുമുള്ളവർക്ക് പങ്കെടുക്കാം. 179 ദിവസത്തേക്ക് പ്രതിദിനം 560 /- രൂപ വേതനത്തിലായിരിക്കും നിയമനം. താല്പര്യമുള്ളവർ

(ഭരണവിഭാഗം) മുൻപാകെ ഹാജരാകണം. വിശദവിവരങ്ങൾക്ക് www.mgu.ac.in സന്ദർശിക്കുക. ഫോൺ നം. 8078820260

(പി.ആർ.ഒ./39/696/2022)

## പരിസ്ഥിതി ദിനാചരണം

മഹാത്മാഗാന്ധി സർവ്വകലാശാല നാഷണൽ സർവ്വീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ ലോക പരിസ്ഥിതി ദിനം ആചരിച്ചു. വൈസ് ചാൻലർ പ്രൊഫ. സാബു തോമസ് ഫലവൃക്ഷത്തൈ നട്ടുകൊണ്ട് പരിപാടി ഉദ്ഘാടനം നിർവ്വഹിക്കുകയും, പരിസ്ഥിതി സന്ദേശം നൽകുകയുടെ ചെയ്തു. എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. ഇ.എൻ. ശിവദാസൻ, സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ് മേധാവി ഡോ. ബിജു ലക്ഷ്മണൻ, മുൻ പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. രേഖാ രാജ്, ജില്ലാ കോ-ഓർഡിനേറ്റേർമാരായ ജോബിൻ ജോർജ്, സജിത്ത് ബാബു എന്നിവരും കെ.ഇ. കോളേജ്- മാന്നാനം, ബി.കെ. കോളേജ് - അമലഗിരി, ഏറ്റുമാന്നൂരപ്പൻ കേളേജ് - ഏറ്റുമാന്നൂർ എന്നിവിടങ്ങളിൽ നിന്നുമുള്ള എൻ.എസ്.എസ്. വോളണ്ടിയർമാരും പ്രോഗ്രാം ഓഫീസർമാരും പരിപാടിയിൽ പങ്കെടുത്തു.

ഫോട്ടോ ക്യാപ്ഷൻ: മഹാത്മാഗാന്ധി സർവ്വകലാശാല എൻ.എസ്.എസ്. ന്റെ ആഭിമുഖ്യത്തിൽ നടന്ന ലോക പരിസ്ഥിതി ദിനാചരണം വൈസ് ചാൻസലർ ഡോ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു. എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. ഇ.എൻ. ശിവദാസൻ സമീപം.

(പി.ആർ.ഒ./39/697/2022)

## അപേക്ഷാ തീയതി

ആറാം സെമസ്റ്റർ ബി.വോക് (2016 മുതൽ 2018 വരെയുള്ള അഡ്മിഷൻ - സപ്ലിമെന്ററി / 2014 മുതൽ 2015 വരെയുള്ള അഡ്മിഷൻ - മേഴ്സി ചാൻസ് - പഴയ സ്കീം) ബിരുദ പരീക്ഷകൾക്ക് പിഴയില്ലാതെ ജൂൺ 15 വരെയും 525 രൂപ പിഴയോടു കൂടി ജൂൺ 16 നും 1050 രൂപ സൂപ്പർഫൈനോടു കൂടി ജൂൺ 17 നും അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

(പി.ആർ.ഒ./39/698/2022)

## പരീക്ഷ ജൂൺ 24 മുതൽ

ഒന്നാം സെമസ്റ്റർ എം.എസ് സി. ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ (2021 അഡ്മിഷൻ - റെഗുലർ / 2018 മുതൽ 2020 വരെയുള്ള അഡ്മിഷനുകൾ - സപ്ലിമെന്ററി / 2017 അഡ്മിഷൻ - ഫസ്റ്റ് മേഴ്സി ചാൻസ് / 2016 അഡ്മിഷൻ - സെക്കന്റ് മേഴ്സി ചാൻസ്) പരീക്ഷകൾ ജൂൺ 24 ന് ആരംഭിക്കും. പിഴയില്ലാതെ ജൂൺ 13 വരെയും 525 രൂപ പിഴയോടു കൂടി ജൂൺ 14 നും 1050 രൂപ സൂപ്പർഫൈനോടു കൂടി ജൂൺ 15 നും അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/699/2022)

## പുനർമൂല്യനിർണയം - അപേക്ഷാ തീയതി

2022 മാർച്ചിൽ നടത്തിയ ആറാം സെമസ്റ്റർ സി.ബി.സി.എസ്. ബിഎ., ബി.എസ്.സി., ബി.കോം. മോഡൽ I, II, III (2019 അഡ്മിഷൻ - റെഗുലർ / 2017, 2018 അഡ്മിഷൻ - റീ-അപ്പിയറൻസ്) പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസടച്ച് ജൂൺ 22 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/700/2022)

## സൂക്ഷ്മപരിശോധന / പുനർമൂല്യനിർണ്ണയം

2021 സെപ്റ്റംബറിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.ബി.എ. പരീക്ഷയുടെ തടഞ്ഞു വച്ചിരുന്നതും പിന്നീട് ഏപ്രിൽ 29 ന് ഫലം പ്രഖ്യാപിച്ചതുമായ കന്നുകര എം.ഇ.എസ്. കോളേജിലെ 57 ബി.ബി.എ. വിദ്യാർത്ഥികൾക്ക് പ്രസ്തുത പരീക്ഷയുടെ സൂക്ഷ്മപരിശോധന / പുനർമൂല്യനിർണയം എന്നിവയ്ക്ക് സർവ്വകലാശാലയുടെ വെബ്സൈറ്റിലെ സ്റ്റുഡന്റ് പോർട്ടൽ വഴി ജൂൺ 26 വരെ ഓൺലൈൻ ആയി അപേക്ഷിക്കാം.

(പി.ആർ.ഒ./39/701/2022)

## പരീക്ഷാ ഫലം

2021 ഫെബ്രുവരിയിൽ നടത്തിയ മൂന്ന്, നാല് സെമസ്റ്റർ ബി.എസ് സി. ഇലക്ട്രോണിക്സ് വിത്ത് കമ്പ്യൂട്ടർ ഹാർഡ്‌വെയർ (2000 മുതൽ 2008 വരെയുള്ള അഡ്മിഷൻ - അദാലത്ത് - സ്പെഷ്യൽ മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് സഹിതം ജൂൺ 22 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സ്വീകരിക്കും.

(പി.ആർ.ഒ./39/702/2022)

2022 മാർച്ചിൽ നടത്തിയ ആറാം സെമസ്റ്റർ സി.ബി.സി.എസ്. ബി.ബി.എ., ബി.സി.എ., ബി.ബി.എം., ബി.എഫ്.ടി., ബി.ടി.ടി.എം., ബി.എസ്.ഡബ്ല്യു (മോഡൽ III - ന്യൂ ജനറേഷൻ -2019 അഡ്മിഷൻ - റെഗുലർ / 2017, 2018 അഡ്മിഷൻ - റീ-അപ്പിയറൻസ്) പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസടച്ച് ജൂൺ 22 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/703/2022)

പി.സി. സുരേഷ് കുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ജൂൺ 8

## വാർത്താക്കുറിപ്പ് (2)

---

## സർട്ടിഫിക്കറ്റുകൾ 13 നകം സമർപ്പിക്കണം

ഒന്നാം സെമസ്റ്റർ (2021 അഡ്മിഷൻ) പഞ്ചവത്സര എൽ.എൽ.ബി. വിദ്യാർത്ഥികളുടെ യോഗ്യതാ സർട്ടിഫിക്കറ്റ വിവരങ്ങൾ കോളേജുകൾ നാളെ (ജൂൺ 10ന്) വൈകിട്ട് 5 ന് മുൻപ് പോർട്ടലിൽ രേഖപ്പെടുത്തി സർട്ടിഫിക്കറ്റുകളുടെ ഒറിജിനൽ ജൂൺ 13 ന് വൈകിട്ട് 4 ന് മുൻപായി സർവകലാശാലയിൽ സമർപ്പിക്കണമെന്ന് പരീക്ഷാ കൺട്രോളർ അറിയിച്ചു.

(പി.ആർ.ഒ./39/704/2022)

പി. സി. സുരേഷ് കുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ